(സി) കേരള സർക്കാരിന്റെ കൃഷി വകുപ്പിൻകീഴിലുള്ള 'ATMA' സെന്ററുകൾ, CARC എന്നിവ ടി പരിപാടിയുമായി സഹകരിക്കുന്നു.

(ഡി) ഗ്രാമീണ കർഷകർക്ക് ശാസ്ത്രീയമായ സസ്യപ്രജനനവും പരിപാലനവും മനസ്സിലാക്കുവാൻ സാധിക്കുന്നു. ഗ്രാമീണ കൃഷി രീതികളിലും ബയോടെക്നോളജിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

ദേശീയ വനനയപ്രകാരം വൃക്ഷവിന്യാസം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

7 (*577) ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1988-ലെ 'ദേശീയ വനം നയം' അനുശാസിക്കുന്ന പ്രകാരം വൃക്ഷ വിന്യാസം വർദ്ധിപ്പിക്കുന്നതിനുതകുന്ന എന്തെല്ലാം കർമ്മപരിപാടികളാണ് നടപ്പിലാക്കിവരുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(ബി) തദ്ദേശവാസികളുടെ സഹകരണത്തോടെ തേക്ക്, ചന്ദനം, മഹാഗണി എന്നീ വൃക്ഷത്തൈകൾ സ്വന്തം ഭൂമിയിൽ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) നിലവിൽ സർക്കാർ നൽകിവരുന്ന പ്രതിഫല തുകയിൽ വർദ്ധനവ് വരുത്തി പ്രസ്തുത പദ്ധതി വൻവിജയമാക്കിത്തീർക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വനമേഖലയ്ക്ക് പുറത്ത് വ്യാപകമായി മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതിന്റെയും തുടർപരിപാലനത്തിന്റെയും ആവശ്യകത കണക്കിലെടുത്ത് ജനങ്ങളുടെയും സ്കൂൾ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്ന കർമ്മപരിപാടികൾ നടപ്പാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) 1988-ലെ 'ദേശീയ വനം നയം' അനുശാസിക്കുന്ന പ്രകാരം വൃക്ഷവിന്യാസം വർദ്ധിപ്പിക്കുന്നതിനുതകുന്ന കർമ്മ പരിപാടികൾ ചുവടെ ചേർക്കുന്നു :

1. ഹരിതകേരളം പദ്ധതിയിലൂടെ എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതികൾ

2. 2014 ജൂൺ മുതൽ നടപ്പിലാക്കിവരുന്ന ഹരിതശ്രീ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

3. വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്ന കർഷകർക്കുള്ള പ്രോത്സാഹന ധനസഹായം

4. അർബൻ ഫോറസ്ട്രി - നഗരങ്ങളെ ഹരിതാഭമാക്കുന്ന വൃക്ഷവൽക്കരണ പദ്ധതി

5. വനദീപ്തി പദ്ധതി

6. തണ്ണീർത്തടസംരക്ഷണം - കുട്ടനാട് പാക്കേജ് എന്നീ പദ്ധതികൾ മുഖാന്തിരം വിതരണം ചെയ്യുന്ന കണ്ടൽത്തൈകളുടെ ഉത്പാദനവും വിതരണവും തുടങ്ങിയവ.

(വിശദീകരണക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു).*

(ബി) തദ്ദേശവാസികളുടെ സഹകരണത്തോടെ തേക്ക്, ചന്ദനം, മഹാഗണി എന്നീ വൃക്ഷത്തൈകൾ സ്വന്തം ഭൂമിയിൽ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കർഷകർക്ക് വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായം പദ്ധതി നടപ്പിലാക്കിവരുന്നു. നിർദ്ദിഷ്ട പത്തിനം വൃക്ഷങ്ങൾ നട്ടുപരിപാലിക്കുന്ന കർഷകർക്ക് ഒരു വൃക്ഷത്തിന് 50 രൂപ കണക്കിൽ ധനസഹായം നൽകുന്ന പദ്ധതിയാണിത്. മുൻ വർഷങ്ങളിൽ ഇപ്രകാരം കർഷകർക്ക് നൽകിയ ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു :

വർഷം	തുക (രൂപ)	റിമാർക്സ്
2012	13,30,905	
2013	17,65,304	14,20,559 രൂപ ഈ വർഷത്തെ ഫണ്ടിൽ നിന്നു മാത്രമേ വിതരണം നടത്തുകയുള്ളൂ.

(സി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ഡി) അപ്രകാരമുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തി ആവിഷ്കരിച്ച പങ്കാളിത്ത പരിപാലന കർമ്മപദ്ധതിയാണ് " ഹരിതശ്രീ 2014 ". ടി പരിപാടിയിലൂടെ 2014 ജൂൺ മാസം മുതൽ വിദ്യാർത്ഥികളുടെയും, പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി വൃക്ഷത്തൈകൾ നടുകയും, തുടർപരിപാലനം ഉറപ്പാക്കുകയും ചെയ്യുന്ന കർമ്മപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈം ബ്രാഞ്ചായി പുനഃസംഘടിപ്പിക്കൽ

8 (*578) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈം ബ്രാഞ്ചായി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly